ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.04.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 18-ാമത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പ് ആരംഭിച്ചു; 102 മണ്ഡലങ്ങളിലായി ജനവിധി തേടുന്നത് 1,625 സ്ഥാനാർഥികൾ.

   **First Phase of the 18th Lok Sabha Elections Begins; 1,625 candidates are contesting in 102 constituencies.**

2. ലോക്സഭാ തിരഞ്ഞെടുപ്പിൽ പൗരന്മാരോട് വോട്ട് ചെയ്യാൻ അഭ്യർത്ഥിച്ച് രാഷ്ട്രപതി ദ്രൗപദിമുർമു. രാജ്യത്തിന്റെ ഭാഗധേയം നിർണയിക്കാനുള്ള അവസരമെന്ന് രാഷ്ട്രപതി.

   **President Draupadi Murmu urging citizens to vote in the Lok Sabha elections. The President said that it is an opportunity to decide the destiny of the country.**

3. കേരളത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ; പ്രചാരണ രംഗത്ത് സജീവമായി ദേശീയ നേതാക്കൾ.

   **Political parties intensified election campaign in Kerala; National leaders are actively campaigning.**

4. പ്രസിദ്ധമായ തൃശൂർ പൂരം ഇന്ന്; പൂരത്തെ വരവേറ്റ് നാടും നഗരവും.

   **The famous Thrissur Pooram today; The town and the city welcomes Pooram.**

5. ഐ പി എൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് പഞ്ചാബ് കിംഗ്സിനെ പരാജയപ്പെടുത്തി. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ഒഡിഷ എഫ് സി പോരാട്ടം.

**Mumbai Indians defeated Punjab Kings in IPL cricket. In ISL Football, Kerala Blasters will meet Odisha FC today**

&&&&&&&&&&&&&&&&&&

## LS FIRST PHASE POLLS(INTRO)

ലോക് സഭാ തിരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പ് ആരംഭിച്ചു. 17 സംസ്ഥാനങ്ങളിലെയും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലേയും 102 മണ്ഡലങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ് നടക്കുന്നത്.

വിശദാംശങ്ങളിലേക്ക് ....

## LS FIRST PHASE POLLS (VOICE)

39 മണ്ഡലങ്ങൾ ഉള്ള തമിഴ്നാട്ടിലും, ലക്ഷദ്വീപ്, പുതുച്ചേരി, ആൻഡമാൻ നിക്കോബാർ, ഉത്തരാഖണ്ഡ്, അരുണാചൽ പ്രദേശ്, മേഘാലയ, മിസോറാം, നാഗാലാൻറ്, സിക്കിം എന്നിവിടങ്ങളിലുമാണ് ഇന്ന് ഒറ്റഘട്ടമായി ലോക് സഭാ തിരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് പൂർത്തിയാവുക. രാജസ്ഥാനിലെ 12 മണ്ഡലങ്ങളിലും, ഉത്തർപ്രദേശിലെ എട്ടും, മധ്യപ്രദേശിലെ ആറും, അസം, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ അഞ്ചു വീതം സീറ്റുകളിലും ബിഹാറിൽ നാലും, പശ്ചിമബംഗാളിൽ മൂന്നും, മണിപ്പൂരിൽ രണ്ടും, ഛത്തീസ്ഗഡിലെയും, ത്രിപുരയിലെയും, ജമ്മുകശ്മീരിലെയും ഓരോ സീറ്റിലും സമ്മതിദായകർ ഇന്ന് വിധിയെഴുതും. അരുണാചൽ പ്രദേശ്, സിക്കിം നിയമസഭ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പും ഇന്ന് നടക്കും. 1,625 സ്ഥാനാർത്ഥികളാണ് ആദ്യഘട്ട തിരഞ്ഞെടുപ്പിൽ ജനവിധി

തേടുന്നത്. കേന്ദ്ര മന്ത്രിമാരായ ജിതേന്ദ്ര സിംഗ്, നിതിൻ ഗഡ്കരി, കിരൺ റിജിജു, ഭൂപേന്ദർ യാദവ്, അർജുൻ റാം മേഘവാൾ, എൽ മുരുഗൻ, മുൻ തെലങ്കാന ഗവർണർ തമിഴിസൈ സൗന്ദരരാജൻ, ത്രിപുര മുൻ മുഖ്യമന്ത്രി ബിപ്ലബ് കുമാർ ദേബ്, മുൻ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി ത്രിവേന്ദ്ര സിംഗ് റാവത്ത്, തമിഴ് നാട് മുൻ മുഖ്യമന്ത്രി ഒ പനീർ ശെൽവം, കോൺഗ്രസ്സ് നേതാക്കളായ കാർത്തി ചിദംബരം, മാണികം ടാഗോർ, നകുൽ നാഥ്, ബി ജെ പി നേതാവ് പൊൻ രാധാകൃഷ്ണൻ, പാർട്ടിയുടെ തമിഴ് നാട് അധ്യക്ഷൻ കെ അണ്ണാമലൈ, ഡി എം കെ നേതാക്കളായ ദയാനിധി മാരൻ, കനിമൊഴി കരുണാനിധി, സി പി എം നേതാവ് അം റ റാം തുടങ്ങിയവരാണ് ഇന്ന് ജനവിധി തേടുന്ന പ്രമുഖർ.

ന്യൂസ് ഡെസ്ക് ആകാശവാണി....

&&&&&&&&&&&&&&&&&&

## PRESIDENT – VOTE APPEAL

ലോക്സഭാ തിരഞ്ഞെടുപ്പിൽ പൗരന്മാരോട് വോട്ട് ചെയ്യാൻ അഭ്യർത്ഥിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ പങ്കാളിത്തത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിച്ച രാഷ്ട്രപതി, രാജ്യത്തിന്റെ ഭാഗധേയം നിർണയിക്കാനുള്ള സുപ്രധാന തിരഞ്ഞെടുപ്പിൽ യുവവോട്ടർമാർ അവസരം വിനിയോഗിക്കണമെന്നും പറഞ്ഞു. ഇന്ത്യ ഏറ്റവും വലിയ ജനാധിപത്യരാജ്യം മാത്രമല്ല, ജനാധിപത്യത്തിന്റെ മാതാവ് കൂടിയാണെന്നും ശ്രീമതി മുർമു അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## CEC– VOTE APPEAL 1ST PHASE

ജനാധിപത്യ ഉത്തരവാദിത്തം തിരിച്ചറിയണമെന്നും വോട്ടെടുപ്പിൽ പങ്കാളികൾ ആകണമെന്നും രാജ്യത്തെ സമ്മതിദായകരോട് അഭ്യർത്ഥിച്ച് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ. ഓരോ വോട്ടും നിർണ്ണായകമാകുന്ന അവസരങ്ങൾ

ഉണ്ടാകാമെന്നും, അതിനാൽ തങ്ങളുടെ വോട്ട് വില കുറച്ച് കാണരുതെന്നും അദ്ദേഹം ജനങ്ങളോട് പറഞ്ഞു. ലോക് സഭാ തിരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പിന് മുന്നോടിയായി ആകാശവാണിയോട് സംസാരിക്കുകയായിരുന്നു ശ്രീ. രാജീവ് കുമാർ.

&&&&&&&&&&&&&&&&&&

## LS FIRST PHASE POLLS-2

ആദ്യഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇന്ന് രാവിലെ 7 മണിക്ക് ആരംഭിച്ച പോളിംഗ് വൈകിട്ട് 6 മണിക്ക് പൂർത്തിയാകും. സമാധാനപരമായ വോട്ടെടുപ്പിനായി പോളിംഗ് സ്റ്റേഷനുകളിൽ കേന്ദ്രസേനയെ ഉൾപ്പെടെ വിന്യസിച്ച് സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ, കമ്മീഷൻ അംഗങ്ങളായ ഗ്യാനേഷ് കുമാർ, സുഖ്ബീർ സിംഗ് സന്ധു എന്നിവർ പൊതു തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ടം സുഗമമായി നടത്തുന്നതിനുള്ള അവസാന വട്ട ഒരുക്കങ്ങൾ വിലയിരുത്തി. പതിനെട്ട് ലക്ഷത്തിലധികം പോളിംഗ് ഉദ്യോഗസ്ഥരെയാണ് വോട്ടെടുപ്പ് നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ളത്. 134 സ്ത്രീകൾ ഉൾപ്പെടെ 1,625 സ്ഥാനാർത്ഥികൾ ഇന്ന് ജനവിധി തേടും.

&&&&&&&&&&&&&&&&&&

## KERALA ELECTION

കേരളത്തിൽ ലോക്സഭാ വോട്ടെടുപ്പിന് ഒരാഴ്ച മാത്രം ശേഷിക്കെ, ദേശീയ നേതാക്കളെ ഉൾപ്പെടെ മണ്ഡലങ്ങളിലെത്തിച്ച് പ്രചാരണം ശക്തമാക്കിയിരിക്കുകയാണ് മുന്നണികൾ. ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ ഇന്ന് വയനാട്, പാലക്കാട്, കോട്ടയം, തിരുവനന്തപുരം ജില്ലകളിൽ തിരഞ്ഞെടുപ്പ് പ്രചാരണം നടത്തും. എൽഡിഎഫ് സ്ഥാനാർഥി തോമസ് ചാഴികാടൻറെ തിരഞ്ഞെടുപ്പ് പ്രചാരണാർഥം സിപിഎം പൊളിറ്റ് ബ്യൂറോ അംഗം

സുഭാഷിണി അലി രാവിലെ 10.30ന് കുമരകത്തും വൈകിട്ട് മൂന്നിന് കുടമാളൂരിലും അഞ്ചിന് നാട്ടകത്തും പ്രസംഗിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കോഴിക്കോട് മണ്ഡലത്തിൽ പര്യടനം നടത്തും. കോൺഗ്രസ് നേതാവ് പ്രയങ്ക ഗാന്ധി നാളെ ചാലക്കുടി, പത്തനംതിട്ട, തിരുവനന്തപുരം മണ്ഡലങ്ങളിൽ പര്യടനം നടത്തും. കർണാടക മന്ത്രി കെ.ജെ. ജോർജും യുഡിഎഫിനായി പര്യടന രംഗത്തുണ്ട്.

&&&&&&&&&&&&&&&&&&

## TN-FIRST PHASE ELECTION

തമിഴ്നാട്ടിലെ 39 ലോക്സഭാ മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് ആരംഭിച്ചു. ഒറ്റ ഘട്ടമായിട്ടാണ് തിരഞ്ഞെടുപ്പ്. വിലവൻകോട് നിയമസഭാ മണ്ഡലത്തിലും ഇന്ന് തിരഞ്ഞെടുപ്പ് നടക്കുന്നുണ്ട്. 68,321 പോളിങ് സ്റ്റേഷനിൽ രാവിലെ ഏഴ് മണിക്കാണ് തിരഞ്ഞെടുപ്പ് ആരംഭിച്ചത്. 950 സ്ഥാനാർത്ഥികൾ ജനവിധി തേടുന്ന തിരഞ്ഞെടുപ്പിൽ ആറ് കോടി 23 ലക്ഷം വോട്ടർമാർ സമ്മതിദായക അവകാശം വിനിയോഗിക്കും. 119 കമ്പനി കേന്ദ്ര സേനയേയും, ഒരു ലക്ഷം സംസ്ഥാന പൊലീസ് ഉദ്യോഗസ്ഥരെയും, സേനയിൽ നിന്ന് വിരമിച്ച 12,200 പേരെയും , ആന്ധ്രാ, തെലങ്കാന സംസ്ഥാനങ്ങളിൽ നിന്നുള്ള ഹോം ഗാർഡുകളെയും തിരഞ്ഞെടുപ്പ് സുരക്ഷയ്ക്കായി വിന്യസിച്ചിട്ടുണ്ട്. ഒരു ലക്ഷത്തി 58,568 ബാലറ്റ് യൂണിറ്റുകൾ, 86,858 വി.വി പാറ്റ് മെഷീനുകൾ, 81,157 കൺട്രോൾ യൂണിറ്റുകൾ എന്നിവയാണ് തിരഞ്ഞെടുപ്പിനായി വിനിയോഗിക്കുന്നത്.

&&&&&&&&&&&&&&&&&&

## LAKSHADWEEP POLL TODAY

രാജ്യത്തെ ഏറ്റവും ചെറിയ ലോകസഭാ നിയോജക മണ്ഡലമായ ലക്ഷദ്വീപിൽ രാവിലെ 7.30 യോടെ വോട്ടെടുപ്പ് ആരംഭിക്കും. (6

മണിയോടെ മോഗ് പോളിംഗ് പ്രക്രിയകൾ ആരംഭിച്ചു. )10 ദ്വീപുകളിലായി 55 പോളിംഗ് ബുത്തുകളിലാണ് വോട്ടിംഗ് നടക്കുക. അന്തിമ വോട്ടർപട്ടിക പ്രകാരം 29,278 പുരുഷന്മാരും 28,506 സ്ത്രീകളും ഉൾപ്പടെ ആകെ 57,784 വോട്ടർമാരാണ് ലക്ഷദ്വിപിൽ സമ്മതിദാനം രേഖപ്പെടുത്താനായിട്ടുള്ളത്. 4 സ്ഥാനാത്ഥികളാണ് ലക്ഷദ്വീപിൽ മത്സര രംഗത്തുള്ളത്. NCP ശരത് പവാർ പക്ഷ സ്ഥാനാത്ഥിയായി നിലവിലെ MP മുഹമ്മദ് ഫൈസൽ, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് സ്ഥാനാത്ഥിയായി മുൻ MP അഡ്വ .ഹംദുള്ളാ സെയ്ദ്, BJP പിന്തുണയോടെ NCP അജിത് പവാർ പക്ഷ NDA സ്ഥാനാത്ഥിയായി TP ' യുസഫ് കുടാതെ സ്വതന്ത്ര സ്ഥാനാത്ഥി K .Koya എന്നിവരാണ് മത്സര രംഗത്തുള്ളത്. 10 ദ്വീപുകളിലെ 55 പോളിംഗ് ബുത്തുകളിലുമായി അഡ്മിനിസ്ട്രേഷനിലെ ജീവനക്കാരോടൊപ്പം കേരളത്തിൽ നിന്നും ഡ്യുട്ടിയിലെത്തിയ 76 ഉദ്യോഗസ്ഥരടക്കം ആവശ്യാനുസരണം ജീവനക്കാരെ വിന്യസിച്ചതായി ചീഫ് ഇലക്ടോറൽ ഓഫീസ് അറിയിച്ചു. ലക്ഷദ്വീപ് പോലിസ്, ഇന്ത്യാ റിസർവ് ബറ്റാലിയൻ CISF സേനാ വിഭാഗം എന്നിവയുടെ സുരക്ഷാ വലയത്തിലാണ് 10 ദ്വീപുകളിലും പോളിംഗ് നടക്കുന്നത്.

&&&&&&&&&&&&&&&&&&

## ELECTION 4TH PHASE

നാലാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. ഒൻപത് സംസ്ഥാനങ്ങളിലേയും ജമ്മുകശ്മീരിലെയും 96 മണ്ഡലങ്ങളിലാണ് നാലാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. നാമനിർദേശ പത്രികകൾ ഈ മാസം 25 വരെ സമർപ്പിക്കാം. 26 നാണ് സൂക്ഷ്മ പരിശോധന. ഏപ്രിൽ 29 വരെ പത്രികകൾ പിൻവലിക്കാൻ അവസരമുണ്ട്. മെയ് 13 നാണ് വോട്ടെടുപ്പ്. എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെയും വോട്ടെടുപ്പ് നാലാം ഘട്ടത്തോടെ പൂർത്തിയാകും. ആന്ധ്രാപ്രദേശ്, ഒഡീഷ നിയമസഭാ

തിരഞ്ഞെടുപ്പുകളുടെ വിജ്ഞാപനവും ഇതോടൊപ്പം പുറപ്പെടുവിച്ചു.

&&&&&&&&&&&&&&&&&&&

## PM-WARDHA RALLY

മഹാരാഷ്ട്രയിലെ വാർധ മണ്ഡലത്തിലെ ബിജെപിയുടെ തിരഞ്ഞെടുപ്പ് പ്രചാരണ റാലിയിൽ പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും. വൈകുന്നേരം തലേഗാവ് ഗ്രാമത്തിൽ നടക്കുന്ന പ്രചരണപരിപാടിയിലാണ് അദ്ദേഹം പങ്കെടുക്കുക. സിറ്റിംഗ് എംപി രാംദാസ് തദാസ് ആണ് ബിജെപി സ്ഥാനാർത്ഥിയായി ജനവിധി തേടുന്നത്. മഹാവികാസ് അഘാഡിയിൽ നിന്ന്, എൻസിപി-ശരദ്ചന്ദ്ര പവാർ വിഭാഗം സ്ഥാനാർത്ഥിയായി അമർ കാലെയും ബഹുജൻ സമാജ് പാർട്ടി സ്ഥാനാർത്ഥിയായി മോഹൻ റായ്കുവാറുമാണ് മത്സരിക്കുന്നത്. മണ്ഡലത്തിൽ ആകെ 24 സ്ഥാനാർത്ഥികൾ മത്സരരംഗത്തുണ്ട്. ഈ മാസം 26 നാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&&&

## MANISH SISODIA

ഡൽഹി മദ്യനയവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെ ജുഡീഷ്യൽ കസ്റ്റഡി റോസ് അവന്യൂ കോടതി ഈ മാസം 26 വരെ നീട്ടി. കേസിൽ അടുത്ത വാദം 26 ന് നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്. ഹാജരാക്കാനുള്ള രേഖകളുടെ പട്ടികയും കോടതി സിസോദിയ്ക്ക് നൽകിയിട്ടുണ്ട്. ഈ മാസം 18 വരെയായിരുന്നു സിസോദിയയെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിരുന്നത്.

&&&&&&&&&&&&&&&&&&&

## THRISSUR POORAM

വിസ്മയങ്ങൾ നിറച്ചു തൃശൂർ പൂരം ഇന്ന്. ജനലക്ഷങ്ങൾ ശക്തന്റെ മണ്ണിലേക്ക് ഒഴുകിയെത്തും. ഇന്ന് രാവിലെ 6 മുതൽ ചെറുപൂരങ്ങൾ വടക്കുന്നാഥ സന്നിധിയിലേക്ക് എത്തിത്തുടങ്ങി. മഠത്തിൽ വരവ് രാവിലെ 11 നും ഇലഞ്ഞിത്തറമേളം രണ്ടിനും പ്രധാന ചടങ്ങ് ആയ കുടമാറ്റം വൈകിട്ട് നാലിനും അരങ്ങേറും. നാളെ പുലർച്ചയാണ് പ്രധാന വെടിക്കെട്ട്. തൃശൂർ പൂരത്തോടനുബന്ധിച്ച് ഇന്ന് തൃശൂർ താലൂക്കുപരിധിയിൽ ഉൾപ്പെടുന്ന എല്ലാ സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

# IPL TODAY

ഐപിഎല്ലിൽ ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് കിംഗ്സിനെതിരെ മുംബൈ ഇന്ത്യൻസിന് ഒമ്പത് റൺസിന്റെ വിജയം. 193 റൺ വിജയലക്ഷ്യം പിന്തുടർന്ന പഞ്ചാബിന് 19.1 ഓവറിൽ 183 റൺസെടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റും നഷ്ടമായി. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത മുംബൈ നിശ്ചിത 20 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 192 റൺസ് നേടി. ഇന്ന് നടക്കുന്ന മത്സരത്തിൽ ലഖ്നൗ സൂപ്പർജയന്റ്സ് ചെന്നൈ സൂപ്പർകിംഗ്സിനെ നേരിടും. രാത്രി 7.30 ന് ഏകന സ്പോർട്സ് സിറ്റി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

# ISL FOOTBALL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ഒഡീഷ എഫ് സിയെ നേരിടും. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ ഇന്ന് രാത്രി 7.30 നാണ് ആദ്യ നോക്കൗട്ട് മത്സരം. ഇന്ന് ജയിക്കുന്നവർ സെമി ഫൈനലിന് യോഗ്യത നേടും.

&&&&&&&&&&&&&&&&&&

## US- VETO PALESTINE

പലസ്തീന് ഐക്യരാഷ്ട്രസഭയിൽ പൂർണ അംഗത്വം നൽകുന്ന പ്രമേയം അമേരിക്ക തടഞ്ഞു. 193 അംഗ യു.എൻ പൊതുസഭയ്ക്ക് നൽകിയ കരട് പ്രമേയമാണ് തള്ളിയത്. ബ്രിട്ടൺ, സ്വിറ്റ്സർലാൻഡ് എന്നീ രാജ്യങ്ങൾ വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു. മറ്റ് 12 കൗൺസിൽ അംഗങ്ങൾ പ്രമേയത്തെ പിൻതാങ്ങി. സ്വതന്ത്ര പലസ്തീൻ എന്നത് ഇസ്രയേലും പലസ്തീനും തമ്മിലുള്ള ചർച്ചകളിലൂടെയാണ് യാഥാർത്ഥ്യമാകേണ്ടതെന്നും യു.എൻ നടപടികളിലൂടെയല്ലെന്നും ഐക്യരാഷ്ട്ര സുരക്ഷാ സമിതിയിൽ സംസാരിക്കവേ യു.എസ് ഡെപ്യൂട്ടി അംബാസിഡർ റോബർട്ട് വുഡ് പറഞ്ഞു. അതേസമയം മേഖലയിൽ സമാധാനം കൊണ്ടുവരുന്നതിന് പലസ്തീനിന് പൂർണ അംഗത്വം നിർണായകമാണെന്ന് പലസ്തീൻ പ്രതിനിധി സിയാദ് അബു അമർ പറഞ്ഞു. 2012 മുതൽ പലസ്തീന് യു.എൻ പൊതുസഭ നോൺ ഒബ്സർവർ പദവി നൽകിയിരുന്നു. വോട്ടവകാശത്തോടെയുള്ള പൂർണ അംഗത്വത്തിനുള്ള അപേക്ഷയ്ക്ക് പൊതുസഭയിലെ മൂന്നിൽ രണ്ട് അഗങ്ങളും സുരക്ഷാ സമിതിയും അനുമതി നൽകണം.

&&&&&&&&&&&&&&&&&&

## CBYER ATTACK

ലോക്സഭ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ബന്ധപ്പെട്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെ സൈബർ ആക്രമണം, വ്യാജവാർത്തകൾ പ്രചരിപ്പിക്കൽ തുടങ്ങിയവയുമായി സംസ്ഥാനത്ത് ഇതുവരെ 42 കേസുകൾ രജിസ്റ്റർ ചെയ്തു. സമൂഹത്തിൽ വിദ്വേഷവും സ്പർധയും വളർത്തുന്ന തരത്തിലുള്ള ഇത്തരം സന്ദേശങ്ങൾ നിർമ്മിച്ച് സാമൂഹ്യമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുന്നവർക്കെതിരെയും അവ പങ്കുവയ്ക്കുന്നവർക്കെതിരെയും കർശന നടപടി സ്വീകരിക്കുമെന്ന് പോലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&